## പതിമൂന്നാം കേരള നിയമസഭ
## എട്ടാം സമ്മേളനം

**നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം. 1343 21.03.2013 ലെ മറുപടിയ്ക്ക്**

## കോതമംഗലം മിനി സിവിൽ സ്റ്റേഷന്റെ നിർമ്മാണം

| ചോദ്യം | | ഉത്തരം |
|---|---|---|
| **ശ്രീ. റ്റി. യു. കുരുവിള** | | **(ശ്രീ. വി.കെ.ഇബ്രാഹിം കുഞ്ഞ്)**<br>**(പൊതുമരാമത്ത് വകുപ്പ് മന്ത്രി)** |
| (എ) കോതമംഗലം മിനി സിവിൽ സ്റ്റേഷന്റെ നിർമ്മാണം മുടങ്ങിക്കിടക്കുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ ആയതിന്റെ കാരണങ്ങൾ വ്യക്തമാക്കുമോ;<br>(ബി) പ്രസ്തുത മിനി സിവിൽ സ്റ്റേഷന്റെ നിർമ്മാണം സമയബന്ധിതമായി പൂർത്തിയാക്കുന്നതിന് എന്തെല്ലാം നടപടികൾ സ്വീകരിക്കുമെന്ന് വ്യക്തമാക്കുമോ;<br>(സി) പ്രസ്തുത തരത്തിലുള്ള നിർമ്മാണ പ്രവൃത്തികൾ പൂർത്തീകരിക്കുവാൻ എന്തെല്ലാം നടപടികൾ സ്വീകരിക്കുമെന്ന് വ്യക്തമാക്കുമോ;<br>(ഡി) പ്രസ്തുത നിർമ്മാണം എന്നത്തേക്ക് പൂർത്തിയാക്കാൻ കഴിയുമെന്ന് വ്യക്തമാക്കുമോ? | (എ) യും (ബി) യും (സി) യും (ഡി) യും | ഉണ്ട്. കോതമംഗലം മിനിസിവിൽ സ്റ്റേഷന്റെ നിർമ്മാണം ഏറ്റെടുത്ത കരാറുകാരനായ എബ്രഹാം വർഗ്ഗീസിന്റെ പവർ ഓഫ് അറ്റോർണി ശ്രീ.സി.എം.വർഗ്ഗീസ് 23.08.2011-ന് നൽകിയ കത്ത്പ്രകാരം ഫൗണ്ടേഷന്റെ ഡിസൈൻ അംഗീകരിക്കാനുണ്ടായ താമസം മൂലം പണിതുടങ്ങാൻ വൈകുകയും, ഇതിനിടയിൽ നിർമ്മാണ സാമഗ്രികളുടെ വില ക്രമാതീതമായി വർദ്ധിക്കുകയും പണിപൂർത്തീകരിക്കാൻ 15 മാസം കൂടി വേണ്ടിവരും എന്നതിനാലും കരാറിൽ നിന്ന് തന്നെ ഒഴിവാക്കുകയോ അല്ലെങ്കിൽ 90%നിരക്ക് വർദ്ധന നൽകുകയോ ചെയ്യണമെന്ന് ആവശ്യപ്പെട്ടിരുന്നു. പണിയിൽ വേണ്ടത്ര പുരോഗതി കാണിക്കാത്തതിനാൽ കരാറുകാരന് നൽകിയ നോട്ടീസിന്, ലഭിച്ച മറുപടിയിൽ, തന്റെ കത്തിലെ നിബന്ധനകൾ അംഗീകരിച്ചാൽ പണി പുനരാരംഭിക്കാൻ തയ്യാറാണെന്ന് കരാറുകാരൻ അറിയിച്ചിട്ടുണ്ട്. കരാറുകാരന്റെ ആവശ്യം ഇപ്പോൾ സർക്കാർ പരിശോധിച്ചു വരികയാണ്. ഇതിൽ അന്തിമ തീരുമാനം എടുത്തതിനു ശേഷം, നിർമ്മാണം പൂർത്തിയാക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുന്നതാണ്. |

Mayed

**സെക്ഷൻ ഓഫീസർ**